# അവസാനിപ്പിക്കാറായില്ലേ മൗദൂദിയെകുറിച്ചുള്ള ഈ വ്യാജ പ്രചാരണങ്ങൾ?!

സാലിഷ് വാടാനപ്പള്ളി

ജമാഅത്തെ ഇസ്‌ലാമി ഹിന്ദിന്റെ 'രാഷ്ട്രീയ പ്രവേശന വിളംബരത്തെ' തുടർന്ന് അതിന്റെ കേരള ഘടകത്തിനെതിരെ ആദർശതലത്തിൽ സംവാദങ്ങൾക്കും ചർച്ചകൾക്കും ഒരിക്കൽ കൂടി തിരശ്ശീല ഉയർത്തപ്പെട്ടിരിക്കുന്നു. സ്വാഭാവികമായും തിരശ്ശീലക്കു പിന്നിലെ കഥാനായകൻ ഇപ്പോഴും സയ്യിദ് മൗദൂദിതന്നെ. അനുകൂലിച്ചും പ്രതികൂലിച്ചും വ്യാഖ്യാനിച്ചും ദുർവ്യാഖ്യാനിച്ചും മൗദൂദിയൻ സാഹിത്യങ്ങളുടെ പുനർവായനക്ക് കേരളം സാക്ഷ്യം വഹിക്കുന്നു. വിടർന്ന നയനങ്ങളിലൂടെ അക്ഷരത്താളുകൾ മറിക്കപ്പെടുമ്പോൾ വസ്തുതകൾ അന്വേഷിച്ചുള്ളൊരു വായനാലോകം മാത്രമല്ല തുറക്കപ്പെടുന്നത്. മറിച്ച് മുൻധാരണകളുടെയും പക്ഷപാതിത്വത്തിന്റെയും ദുർവ്യാഖ്യാന പ്രവണതക്കുകൂടി ഈ ബൗദ്ധിക സദസ്സുകൾ ഒരു നിമിത്തമായി തീരുന്നു. ഫലം മാത്രമല്ല ചിലപ്പോഴൊക്കെ പാർശ്വഫലവും ഒരു പ്രകൃതി യാഥാർത്ഥ്യമാകുന്നു. മതമേഖലയിൽ മുജാഹിദുകളും മതേതര മേഖലയിൽ 'ഇന്ത്യൻ സെക്യുലറിസ്റ്റു'കളും തുറന്നുവിട്ട ഈ ആദർശസമരങ്ങൾ മൗദൂദിയെ ദുർവ്യാഖ്യാനിക്കുവാൻ ചിലരെയെങ്കിലും പ്രചോദിപ്പിക്കുന്നുണ്ട്. അതിനാൽ ഒരു കാര്യം നമുക്കു തീർത്തു പറയേണ്ടി വരുന്നു. ദയവുചെയ്ത് ആരും മൗദൂദിയെ ദുർവ്യാഖ്യാനിക്കരുത്, അദ്ദേഹത്തിന്റെ സാഹിത്യങ്ങളിൽ 'വ്യാജ തൂലികകൾ' കൈകടത്തരുത്, വെട്ടിമുറിക്കരുത്, അതിൽ കൂട്ടിച്ചേർക്കലുകൾ നടത്തരുത്. പിറന്നുവീണ അതേ രൂപത്തിലും ഭാവത്തിലും അതിവിടെ ജീവിക്കട്ടെ. ഏതൊരു പ്രകാശമാണോ ആദിയിൽ അതിവിടെ പ്രചരിപ്പിച്ചിരുന്നത് അതിനെ ആരും വ്യാജ പ്രചാരണങ്ങൾ കൊണ്ടു മറച്ചു പിടിക്കരുത്. ഏതൊരു പ്രസ്ഥാനത്തോടും ചെയ്യുന്ന ഏറ്റവും വലിയ ക്രൂരതയാണ്, നീതികേടാണ് അതിനു ദിശാബോധം നൽകിയ നേതൃത്വത്തെ ദുർവ്യാഖ്യാനിക്കൽ. അതിന്റെ സാഹിത്യങ്ങൾ കൈക്രിയകൾക്കു വിധേയമാക്കൽ. അതിനാൽ മനസാക്ഷിയുള്ളവരേ, മൗദൂദിയെ ദയവുണ്ടായി ദുർവ്യാഖ്യാനിക്കരുത്. കഥാവശേഷനായ ആ ചരിത്രപുരുഷൻ സ്രഷ്ടാവിന്റെ കോടതിയിൽ പോലും അത്തരക്കാർക്കു ഒരു പക്ഷെ മാപ്പുതന്നേക്കില്ല. കാരണം തന്റെ പഠനവും എഴുത്തും ജീവിതം തന്നെയും ഏതൊരാദർശത്തിനു വേണ്ടിയാണോ അദ്ദേഹം മാറ്റിവെച്ചത്, ആ ആദർശമാണിവിടെ യഥാർത്ഥത്തിൽ ദുർവ്യാഖ്യാനിക്കപ്പെടുന്നത്. അദ്ദേഹത്തിന്റെ ആദർശങ്ങളെ അനുകൂലിക്കാം, പ്രതികൂലിക്കാം. പക്ഷെ ദുർവ്യാഖ്യാനിക്കരുത്. പ്രബുദ്ധതയുള്ളവരുടെ മുന്നിൽ വിലപ്പോവാത്ത നീച പ്രവർത്തനമായി മാത്രമേ ചരിത്രത്തിലത്തരം പ്രവർത്തനങ്ങൾ രേഖപ്പെടുത്തപ്പെടുകയുള്ളൂ. അതുകൊണ്ടു തന്നെ മൗദൂദിയുടെ ആദർശത്തോടും, സിദ്ധാന്തങ്ങളോടും നൂറുശതമാനം വിജോജിച്ചുകൊണ്ടുതന്നെ, അദ്ദേഹത്തെ ദുർവ്യാഖ്യാനിക്കുന്നവരോട് ചിലതുപറയട്ടെ.

മൗദൂദി വിലയിരുത്തപ്പെടുമ്പോൾ, ദുർവ്യാഖ്യാനിക്കപ്പെടുന്ന പ്രധാനപ്പെട്ടൊരു മേഖലയാണ് ആധുനിക ജനാധിപത്യത്തോടുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാട്. 'താത്വികമായി ജനാധിപത്യത്തിന്റെ ദോഷ വശങ്ങൾ ചൂണ്ടിക്കാട്ടിയ മൗദൂദി പ്രായോഗിക തലത്തിൽ നിബന്ധനകൾക്കുവിധേയമായി, ദൈവിക ഭരണത്തിലേക്കുള്ള പ്രയാണത്തിൽ ഒരിടത്താവളമായി അതിനെ സ്വീകരിക്കുന്നതിനോട് തീർത്തും യോജിക്കുന്നു' അബുൽ അഅ്‌ലക്കു നേരെയുള്ള ഒരു വമ്പൻ ദുർവ്യാഖ്യാനമാണിത്. ജനാധിപത്യത്തിനു കീഴിൽ ഒരു നിമിഷാർദ്ധംപോലും കഴിച്ചുകൂട്ടുവാൻ ഒരു സത്യവിശ്വാസിക്കു ഒരിക്കലും സാധ്യമല്ലെന്നാണ് അദ്ദേഹത്തിന്റെ യഥാർത്ഥ വീക്ഷണം. നിരവധി കൈക്രിയകൾക്കു വിധേയമാക്കപ്പെട്ടിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ സാഹിത്യങ്ങളിൽ നിന്ന് ഇന്നും നമുക്കതു വായിച്ചെടുക്കാൻ കഴിയുന്നതാണ്.

‘‘നിങ്ങളുടെ ആദർശം സത്യമാണെങ്കിൽ മറ്റൊരു ദീനിൽ നിന്നുകൊണ്ട് നിങ്ങൾക്ക് സുഖനിദ്ര പോലും വരികയില്ല. എന്നിട്ടല്ലേ നിങ്ങൾ ഇതരദീനുകൾക്കു സേവനം ചെയ്യുകയും ആ സേവന ത്താൽ ലഭ്യമാകുന്ന ആഹാരം സന്തോഷത്തോടെ ഭക്ഷിക്കുകയും സുഖത്തോടെ കാൽ നീട്ടി ഉറങ്ങുകയും ചെയ്യുന്നത്!! അല്ലാഹുവിന്റെ ദീനാണ് സത്യമെന്ന് വിശ്വസിച്ചുകൊണ്ട് ഇതര ദീനു കളുടെ പിടിയിൽ നിങ്ങൾ കഴിച്ചുകൂട്ടുന്ന ഓരോ നിമിഷവും നിങ്ങൾക്ക് കാരാഗൃഹജീവിത ത്തോടു തുല്ല്യമായിരിക്കും. മുള്ളിന്റെ വിരിപ്പുകളിലാണ് നിങ്ങൾ കിടക്കുന്നതെന്നും ആട്ടങ്ങയേ ക്കാൾ കൈപേറിയ ആഹാരമാണ് നിങ്ങൾ ഭക്ഷിക്കുന്നതെന്നും നിങ്ങൾക്കുതോന്നിപോകും. സത്യദീനിനെ സ്ഥാപിക്കുവാൻ വേണ്ടിയുള്ള പരിശ്രമത്തിലല്ലാതെ മറ്റൊന്നിലും നിങ്ങൾക്ക് ആശ്വാസവും സുഖവും സമാധാനവും ഉണ്ടായിരിക്കുകയില്ല.’’ (ഖുത്തുബാത്ത്, സയ്യിദ് മൗദൂദി – 1949)

ദൈവേതര ഭരണത്തിനു കീഴിലുള്ള സത്യവിശ്വാസിയുടെ ജീവിതം ഇത്രമാത്രം ദുഃസ്സഹമാണെന്നുപറയുക മാത്രമല്ല അദ്ദേഹം ചെയ്തിട്ടുള്ളത്. മറിച്ച് അത്തരം വ്യവസ്ഥി തിയിൽ വിശ്വാസി ഒരൽപമെങ്കിലും തൃപ്തിയടയുകയോ ആ വ്യവസ്ഥിതിയുമായി ഏതെങ്കിലും വിധേന സഹകരിക്കുകയോ ചെയ്തുപോയാൽ അദ്ദേഹത്തിനു പറയാനുള്ളത് ഇത്ര മാത്രമാണ്:

‘‘എന്നാൽ അല്ലാഹുവിന്റെ ദീൻ ഒഴികെ മറ്റുവല്ല ദീനുകളിലും താമസിച്ചുകൊണ്ട് നിങ്ങൾക്ക് സന്തോഷം തോന്നുകയും ആ സ്ഥിതിയെ നിങ്ങൾ തൃപ്തിപ്പെടുകയുമാണെങ്കിൽ നിങ്ങൾ സത്യവിശ്വാസികളേ അല്ല.’’ (ഖുത്തുബാത്ത്, മൗദൂദി – 1949)

ഒരു വിശ്വാസിയെ സംബന്ധിച്ച് അവന്റെ നമസ്കാരമോ ദൈവസ്മരണയോ, മതജീവിതമോ, മതപ്രബോധനപ്രവർത്തനമോ എല്ലാം തന്നെ നിഷ്ഫലമാക്കി കളയുന്ന ഒരു വമ്പിച്ച അപരാധ മാകുന്നു ദൈവേതര വ്യവസ്ഥയെ ഏതെങ്കിലും വിധത്തിൽ തൃപ്തിപ്പെടുക എന്നുള്ളത്. മൗദൂദി പറയുന്നതു കാണുക:

‘‘എത്രതന്നെ മനസ്സിരുത്തി നിങ്ങൾ നമസ്കരിക്കുകയും അല്ലാഹുവിനെകുറിച്ചുള്ള ധ്യാനത്തിൽ തന്നെ നിങ്ങൾ മുഴുകിയിരിക്കുകയും പരിശുദ്ധ ഖുർആനിനെയും നബിവചനങ്ങളെയും പറ്റി ഉപര്യുപരി പ്രതിപാദിക്കുകയും ഇസ്‌ലാമിക തത്വങ്ങളെയും യുക്തികളേയും സുദീർഘമായി വിവരിക്കുകയും ചെയ്യട്ടെ അതൊക്കെ നിഷ്ഫലം മാത്രമായിരിക്കും. ഇതര ദീനുകൾ കൊണ്ട് സംതൃപ്തരാകുന്ന ജനങ്ങളുടെ സ്ഥിതിയാണിത്.’’ (ഖുത്തുബാത്ത് പേജ്:422, 1949)

മൗദൂദി ‘ദീൻ’ എന്നു പറയുമ്പോൾ നാം തെറ്റിദ്ധരിച്ചു പോകരുത്, അതൊരുപക്ഷെ യഹൂദ–ക്രൈസ്തവ മതങ്ങളെ പോലെയോ ഹൈന്ദവ–ബുദ്ധ–ജൈന മത സങ്കൽപ്പങ്ങളെ കുറിച്ചോ ആയിരിക്കുമെന്ന്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ‘ദീൻ’ എന്നതിന്റെ വിവക്ഷ ഇത്തരം മതങ്ങ ളിലും സംസ്കാരങ്ങളിലും ഒതുങ്ങിനിൽക്കുന്നില്ല. മറിച്ച് കമ്മ്യൂണിസവും ക്യാപിറ്റലിസവും സോഷ്യലിസവും ജനാധിപത്യവും ഏകാധിപത്യവും രാജാധിപത്യവും എല്ലാമദ്ദേഹത്തിനു തനി ‘ദീൻ’ തന്നെയാണ്. തന്റെ വിവക്ഷയിലെ ‘ദീനു’കളെ കുറിച്ച് മൗദൂദി തന്നെ പറയട്ടെ:

‘‘മറ്റുവല്ല ദീനിനോടുള്ള പങ്കിനെ ഈ ദീൻ (ഇസ്‌ലാം) എങ്ങനെ സ്വീകരിക്കാനാണ്? എന്നല്ല ഏതൊരു ദീനാണ് ഇതര ദീനുകളുടെ പങ്കിനെ സ്വീകരിക്കുന്നത്? മറ്റെല്ലാദീനുകളെപോലെ ഈ ദീനും പറയുന്നത് ‘പൂർണ്ണാധികാരം എനിക്ക് മാത്രമായിരിക്കണം; മറ്റെല്ലാ ദീനുകളും എന്റെ മുമ്പിൽ പരാജയപ്പെട്ടുപോകയും വേണം; അല്ലാത്തപക്ഷം എന്നെ അനുഗമിക്കുക സാധ്യമല്ല; എന്റെ സാന്നിദ്ധ്യത്തിൽ ‘ഭൂരിപക്ഷ ദീനോ’, ‘രാജദീനോ, സോഷ്യലിസ്റ്റ് ദീനോ’ മറ്റേതെങ്കിലും ദീനോ ഉണ്ടാകുകയില്ല; ഇനി മറ്റുവല്ല ദീനുമുണ്ടെങ്കിലോ അവിടെ എന്റെ സാന്നിദ്ധ്യവുമുണ്ടാ യിരിക്കുകയില്ല; അപ്പോൾ എന്നെ സത്യദീനെന്ന് വിശ്വസിച്ചതുകൊണ്ട് യാതൊരു ഫലവുമുണ്ടാ യിരിക്കയില്ല’ എന്നതാണ്’’ (ഖുത്തുബാത്ത് പേ: 418, 1949)

‘‘ഇനി നിങ്ങൾ പ്രത്യക്ഷത്തിൽ ‘ഭൂരിപക്ഷദീനിലോ, ‘പ്രജായത്തദീനി’ലോ, ‘ആംഗ്ലേയദീനി’ലോ, ‘ജർമ്മൻദീനി’ലോ, ‘ദേശീയ ദീനി’ലോ, ആണെന്നുവന്നാൽ അവിടേയും അല്ലാഹുവിന്റെ ദീനിന്ന് തീരെ സ്ഥാനമുണ്ടായിരിക്കയില്ല’’ (ഖുത്തുബാത്ത്, പേജ്: 414, മൗദൂദി – 1949)

മൗദൂദിയൻ സാഹിത്യങ്ങളിൽ കാര്യങ്ങൾ വളരെ വ്യക്തം. (മൗദൂദിസ്റ്റുകളുടെ വ്യാഖ്യാനമാണ് കാര്യങ്ങളെ തടസ്സമാക്കുന്നത്) ഒരു മനുഷ്യന് ഒരേ സമയം യഹൂദനും മുസ്‌ലിമുമാകാൻ സാധിക്കാത്തതുപോലെ, ക്രൈസ്തവനും മുസ്‌ലിമുമാകാൻ സാധിക്കാത്തതുപോലെ ഹൈന്ദവനും മുസ്‌ലിമുമാകാൻ സാധിക്കാത്ത പോലെ തീർത്തും അസംഭവ്യമാണ് ജനാധിപത്യ വ്യവസ്ഥയടക്കമുള്ള ഭരണവ്യവസ്ഥയിലും ഇസ്‌ലാമിലും ഒരേ സമയം നിലകൊള്ളുക എന്നത്. ഈ ‘യഥാർത്ഥ്യം’ മുസ്‌ലിം സമൂഹത്തെ ബോധ്യപ്പെടുത്താനാണ് സയ്യിദ് അബുൽ അഅ്‌ല തന്റെ എഴുത്തും പഠനവും എന്തിന് ജീവിതം തന്നെയും നീക്കിവെച്ചത്. എന്നിട്ടും ചിലർ, ‘അദ്ദേഹം ജനാധിപത്യത്തെ താത്വികമായി വിമർശിക്കുകയും പ്രയോഗിക രംഗത്ത് അതിനെ സ്വീകരിക്കുകയും ചെയ്തു’ എന്നുപറയുന്നത് മൗദൂദിയോട് ചെയ്യുന്ന അക്ഷന്തവ്യമായ അപരാധമാകുന്നു.

എന്നാൽ അതിലും ഭയങ്കരൻ ദുർവ്യാഖ്യാനമാണ് ചില മൗദൂദി വിരുദ്ധർ പറയുന്നത്. ‘സ്വാതന്ത്ര്യാനന്തര ഭാരതം പുൽകിയ ജനാധിപത്യത്തെയല്ല മൗദൂദി വിമർശിച്ചത് മറിച്ച് പാശ്ചാത്യൻ ജനാധിപത്യത്തെയാണ് അദ്ദേഹം എതിർത്തത്’ എന്നു പറയുന്നവർ മൗദൂദിയുടെ അഭിനവ ‘ദുർവ്യാഖ്യാനിസ്റ്റു’കൾ മാത്രമാണ്. പാപഭാരം പേറികൊണ്ടല്ലാതെ അങ്ങിനെ പറയാൻ അവർക്കാവില്ല. ഇങ്ങിനെ പറയുന്നതിന്റെ പ്രഥമ കാരണം ഇതാണ്. മൗദൂദി ദൈവികമല്ലാത്ത മുഴുവൻ ഭരണകൂടങ്ങളെയും ദർശിച്ചത് ഏറ്റവും ചുരുങ്ങിയത് ‘ശിർക്ക്’ എന്ന മഹാപാതകമായിട്ടാണ്. അതിനാൽ ‘ശിർക്ക്’ ഇല്ലാതാക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ പോംവഴി ദൈവികേതരമായ മുഴുവൻ ഭരണവ്യവസ്ഥകളുടെയും സമൂലമായ നാശത്തിലാണ് നിലകൊള്ളുന്നത്. അതിനാൽ മനുഷ്യന് ദൈവത്തിന്റെ മാത്രം അടിമത്വത്തിൽ പ്രവേശിക്കണമെങ്കിൽ അവൻ ദൈവികേതരമായ സകല ഭരണവ്യവസ്ഥകളോടും ശക്തമായ സമരം ആരംഭിക്കേണ്ടിയിരിക്കുന്നു. ജനാധിപത്യമായാലും ഏകാധിപത്യമായാലും സോഷ്യലിസമായാലും മുതലാളിത്തമായാലും ഏകദൈവത്വത്തിനെതിരെ നിലകൊള്ളുന്ന ജീവിതവ്യവസ്ഥകൾ എന്ന നിലക്ക് അവക്കിടയിൽ യാതൊരു വ്യത്യാസവുമില്ല. ഒന്ന് ഒന്നിനേക്കാൾ യാതൊരു മെച്ചവും പുറത്തുകൊണ്ടുവരുന്നില്ല. കാരണം ദൈവത്തിന്റെ ഭൂമിയിൽ ദൈവത്തിന്റെ ഭരണത്തെ തള്ളിമാറ്റുന്ന രാജ്യദ്രോഹ നിലപാടുകാർ മാത്രമാണ് ദൈവികേതരമായ എല്ലാ ഭരണവ്യവസ്ഥകളും. മൗദൂദിയുടെ രചനകൾ ആ ‘പരാമർത്ഥ’ത്തെ എപ്പോഴും അനാവരണം ചെയ്തു കാണിച്ചിട്ടുണ്ട്.

‘‘ഇസ്‌ലാം നിർദ്ദേശിക്കുന്ന അല്ലാഹുവിന്റെ സർവ്വാധിപത്യമാകുന്ന ഈ സിദ്ധാന്തത്തിനും ഒരു പരമോദ്ദേശ്യമുണ്ട്. അതായത് ഭൂമുഖത്തു അല്ലാഹുവിന്റെ ആജ്ഞകൾ മാത്രം നടക്കുക, കോടതികളിലെ വിധി അവന്റെ നിയമമനുസരിച്ചുമാത്രമായിരിക്കുക, പോലീസ്, സൈന്യം മുതലായവയെല്ലാം അവന്റെ കൽപനയെ തന്നെ നടത്തുക, കൊളള കൊടുക്കകൾ അവൻ നിശ്ചയിച്ച പദ്ധതിയനുസരിച്ച് മാത്രമായിരിക്കുക, നികുതികൾ അവന്റെ ഇഷ്ടാനുസരണം ചുമത്തപ്പെടുകയും അവൻ നിശ്ചയിച്ച മാർഗങ്ങളിൽ ചിലവഴിക്കുകയും ചെയ്യുക, സിവിൽ സർവ്വീസും സൈന്യവും അവന്റെ കൽപനക്കധീനമായിരിക്കുക, ഭയഭക്തി അവനോടുമാത്രം കാണിക്കുക, പ്രജകൾ അവന്മാത്രം കീഴ്പെട്ടവരായിരിക്കുക, ചുരുക്കത്തിൽ, മനുഷ്യൻ അവനൊഴികെ മറ്റാരുടെയും അടിമയാകാതിരിക്കുക. ഇതല്ലാതെ ഇസ്‌ലാം മറ്റൊന്നും ഉദ്ദേശിക്കുന്നില്ല. കലർപ്പില്ലാത്ത തനി ‘അല്ലാഹുവിന്റെ ഭരണം’ ഇല്ലാതിരിക്കുന്ന കാലത്തോളം ഈ ഉദ്ദേശ്യം പൂർത്തിയാകയില്ലെന്നതു എത്രയും വ്യക്തമാണ്.’’ (ഖുത്തുബാത്ത് – പേജ്: 418,1949, മൗദൂദി)

‘‘അതിനാൽ നിങ്ങളുടെ ആദർശം ഒന്നും (ഇസ്‌ലാം–ലേഖ.) പ്രത്യക്ഷ സംഭവം അതിനു വിരുദ്ധവുമാണെങ്കിൽ (ദൈവികേതര ഭരണ വ്യവസ്ഥ–ലേഖ.) അടിസ്ഥാനമായിട്ടുള്ളതു പ്രത്യക്ഷസംഭവം തന്നെയായിരിക്കും, അപ്പോൾ ആദർശത്തിന് തീരെ സ്ഥാനവും വിലയുമുണ്ടായിരിക്കുകയില്ല. ഇനി നിങ്ങൾ പ്രത്യക്ഷത്തിൽ ‘ഭൂരിപക്ഷ ദീനി’ലോ, ‘പ്രജായത്തദീനി’ലോ, ആംഗ്ലേയദീനിലോ (ബ്രിട്ടീഷ് ഭരണം– ലേഖ) ‘ജർമ്മൻ ദീനി’ലോ, ദേശീയദീനി’ലോ ആണെന്നുവന്നാൽ അവിടെയും അല്ലാഹുവിന്റെ ദീനിന് തീരെ സ്ഥാനമുണ്ടായിരിക്കയില്ല. എന്നാൽ ഇനി

നിങ്ങൾ പ്രത്യക്ഷത്തിൽ അള്ളാഹുവിന്റെ ദീനിലാണെങ്കിലോ അവിടെ പിന്നെ മറ്റൊരു ദീനിനും സ്ഥാനമുണ്ടായിരിക്കുകയില്ല. ആകയാൽ ''ശിർക്ക്'' എവിടെ പ്രത്യക്ഷപ്പെട്ടുന്നതായാലും അത് വ്യാജം മാത്രമായിരിക്കുമെന്ന് നല്ലപോലെ ഗ്രഹിച്ചുകൊള്ളുക!'' (ഖുത്തുബത്ത് – 413,414, 1949, മൗദൂദി)

രണ്ടാമത്തെ കാരണം, മൗദൂദിയൻ വീക്ഷണപ്രകാരം 'ദീൻ' എന്നതിന്റെ പ്രകൃതിതന്നെ ഭരണം കൂടാതെ നിലനിൽക്കാൻ കഴിയാത്ത. അവസ്ഥയിലാണ് നിലകൊള്ളുന്നത്. അതിനാൽ നന്നെ ചുരുങ്ങിയത് 'ദീനി'ന്റേതായ ഒരു ഭരണം ഭൂമിയിൽ സ്ഥാപിക്കപ്പെടാതെ അതിനെ അനുധാവനം ചെയ്യുക എന്നതു യാതൊരു അടിസ്ഥാനവുമില്ലാത്ത, കേവലം 'പൂതി'മാത്രമാണ്. അതിനാൽ ഓരോ 'ദീനും', അതിന്റെ പ്രകൃതിയുടെ തേട്ടമായതിനാൽ, പരസ്പരം ഭരണകൂടം സംസ്ഥാപിക്കുന്നതിൽ അതിശക്തമായ മത്സരം തന്നെ നടത്തുന്നുണ്ട്. ഈ മത്സരത്തിൽ ദൈവികദീനിനെ ഭൂമിയുടെ സിംഹാസനത്തിൽ പ്രതിഷ്ഠിക്കുകയാണ് മുസ്‌ലിമിന്റെ ജീവിത ലക്ഷ്യം തന്നെ. ആ ലക്ഷ്യസാക്ഷാത്കാരത്തിനു വേണ്ടി മുസ്‌ലിം എത്തിപ്പെടുന്ന പ്രവർത്തന മണ്ഡലങ്ങളിലെ ഓരോ അനുരണങ്ങളെയുമാണ് മതത്തിന്റെ സാങ്കേതികാർഥത്തിൽ 'ജിഹാദ്' എന്നു പറയുന്നത്. ഇതാണ് മൗദൂദിയുടെ കാഴ്ചപാടുകൾ. ദീനിനെകുറിച്ച് അദ്ദേഹം സ്വീകരിച്ച ആ കാഴ്ചപാടുകൾ മൗദൂദിയൻ സാഹിത്യങ്ങളിൽ ഇപ്പോഴും ജീവന്റെ തുടിപ്പുകളോടെ നിലനിൽക്കുന്നുണ്ട്:

''ഈ തത്വവും നിങ്ങളുടെ ഹൃദയത്തിൽ സ്ഥലം പിടിച്ചു കഴിഞ്ഞാൽ പിന്നെ ഒരു ദീർഘിച്ച സംഭാഷണമൊ വാദപ്രതിവാദമൊ കൂടാതെ തന്നെ, ദീൻ ഏതു ജാതിയിൽ പെട്ടതാകട്ടെ, അതു അതിന്റെ തന്നെ ഒരു ഭരണത്തെ ആഗ്രഹിക്കുന്നുണ്ടെന്ന പരമാർത്ഥത്തിങ്കൽ നിങ്ങളുടെ ബുദ്ധി തന്നത്താൽ ചെന്നെത്തുന്നതാണ്. 'പ്രജായത്തദീനോ, രാജദീനോ, ആകട്ടെ സോഷ്യലിസദീനോ, അല്ലാഹുവിന്റെ ദീനോ ആകട്ടെ, മറ്റേതെങ്കിലും തരത്തിലുള്ള ദീനുകളാകട്ടെ ഓരോന്നിനും അതാതിന്റെ നിലനിൽപിനു സ്വന്തഭരണം ഏതു വിധത്തിലും അത്യന്താപേക്ഷിതമാകുന്നു. സ്വന്തഭരണമില്ലാത്ത ദീനിന്റെ സ്ഥിതി ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത ഒരു സങ്കൽപ്പ വീടു പോലെയാണ്. ഭൂമിയിൽ സ്ഥാപിതമായ ഒരു വീട്ടിൽ മാത്രമേ നിങ്ങൾക്കു താമസിക്കാൻ സാധിക്കുകയുള്ളൂവെങ്കിൽ പിന്നെ തലച്ചോറിൽ മറ്റൊരു വീടിന്റെ പ്ലാൻ ഉണ്ടായിരിക്കുന്നതുകൊണ്ടു എന്തു പ്രയോജനമാണുള്ളത്?''( ഖുത്തുബാത്ത് പേജ്:414, 1949, മൗദൂദി)

''സങ്കൽപ വീട്ടിന് വീടെന്നു പറയാത്തതുപോലെ സങ്കൽപ ദീനിനു ദീനെന്നും പറയുകയില്ല. സങ്കൽപഗൃഹത്തെപ്പോലെ തന്നെ സങ്കൽപ്പദീനിലും ആർക്കും നിലകൊള്ളുക സാധ്യമല്ല. ഏതൊന്നിന്റെ ശക്തി ഭൂമിയിൽ സ്ഥാപിതമായിരിക്കുന്നുവോ, ഏതൊന്നിന്റെ നിയമം അനുഷ്ടാനത്തിലുണ്ടോ, ഏതൊന്നിന്റെ പദ്ധതിയനുസരിച്ചു ജീവിത ഏർപ്പാടുകൾ വ്യവസ്ഥമാക്കപ്പെട്ടിരിക്കുന്നുവോ അതത്രെ സാക്ഷാൽ ദീൻ. ആകയാൽ ഒരോ ദീനിന്റെയും പ്രകൃതി തന്നെ തേടുന്നതു അതിനു ഭരണം ലഭിക്കണമെന്നാണ്. ഇത്രയുമല്ലാ ദീൻ നിലകൊള്ളുന്നതു തന്നെ അതു ജനങ്ങളെ കൊണ്ടു സമ്മതിപ്പിക്കുവാനുദ്ദേശിക്കുന്ന അധികാരശക്തിയെ മാത്രം ആരാധിക്കുകയും അതിനു മാത്രം അടിമപ്പെടുകയും അതിന്റെ നിയമങ്ങൾ മാത്രം നടപ്പിൽ വരികയും ചെയ്യാൻ വേണ്ടിയാകുന്നു.''(ഖുത്തുബാത്ത് പേജ്:415,416 –1949,മൗദൂദി)

''ഇസ്‌ലാമിൽ സമരത്തിന് ഇത്ര പ്രാധാന്യം എന്തുകൊണ്ടാണെന്ന വസ്തുത ഇപ്പോൾ നല്ല പോലെ വ്യക്തമായി കഴിഞ്ഞു. ഇതര ദീനുകളെപ്പോലെ അല്ലാഹുവിന്റെ ദീനും അതിന്റെ ആധിപത്യമാണുദ്ദേശിക്കുന്നത്. അതു സത്യ ദീനാണെന്നു നിങ്ങൾ സമ്മതിക്കുകയും ആ സമ്മതത്തിന്റെ അടയാളമെന്നോണം ചില ബാഹ്യമായ ചടങ്ങുകൾ നിർവ്വഹിക്കുകയും ചെയ്യുന്നതു കൊണ്ടുമാത്രം ഇസ്‌ലാം തൃപ്തിയടയുകയില്ല. മറ്റു വല്ല ദീനുകളുടെയും കീഴിൽ നിന്നുകൊണ്ട് ഇസ്‌ലാമിനെ അനുസരിക്കുക തീരെ അസാദ്ധ്യമത്രെ. ഇതര ദീനുകളോടുള്ള കൂട്ടുകെട്ടോടു കൂടിയും ഈ ദീനിനെ അനുഗമിക്കാൻ കഴിയുകയില്ല. അതിനാൽ ഈ ദീൻ സത്യമാണെന്ന് യഥാർത്ഥത്തിൽ നിങ്ങൾ കരുതുന്നുണ്ടെങ്കിൽ ഇതിനെ ഭൂമുഖത്തു സ്ഥാപിക്കുവാനായി സർവ്വശക്തിയും പ്രയോഗിച്ച് അതിനെ സുസ്ഥാപിതമാക്കുകയോ, അല്ലാത്തപക്ഷം അതേ പരിശ്രമത്തിൽ ജീവനെ ബലിയർപ്പിക്കുകയോ അല്ലാതെ നിങ്ങൾക്ക് ഗത്യന്തരമില്ല.'' (ഖുത്തുബാത്ത് പേജ്: 421, 1949, മൗദൂദി)

ദീനിനെ കുറിച്ചുള്ള മൗദൂദിയുടെ ഈ വീക്ഷണം തികച്ചും അനിസ്‌ലാമികവും മതത്തിന്റെ സർവ്വകാലികതക്ക് എതിരുമാണെങ്കിൽ ഒരു കാര്യം നാം തീർത്തു മനസ്സിലാക്കണം. ഈ വീക്ഷണത്തിന് ഒരിക്കലും ദൈവികേതരമായ ഒരു വ്യവസ്ഥയെയും ഒരു നിലക്കും ഉൾകൊള്ളാൻ സാധ്യമല്ല. യാതൊരു 'മിനിമം' പരിപാടിയും ഈ വീക്ഷണത്തിനു മുൻപിലില്ല. അവിടെ ഇന്ത്യൻ ജനാധിപത്യമായാലും പശ്ചാത്യൻ ജനാധിപത്യമായാലും ഫലത്തിൽ യാതൊരു വിവേചനവും അർഹിക്കുന്നില്ല. കാരണം രണ്ടും ദൈവത്തിന്റെ പരമാധികാരത്തോടുള്ള നിഷേധമാണ്. വ്യാജ ദീനുകളാണ്. ദൈവിക നിയമങ്ങളല്ല രണ്ടിന്റെയും അടിസ്ഥാന ശ്രോതസ്സ്. മറിച്ച് ഭൂരിപക്ഷത്തിന്റെ താൽപര്യങ്ങൾ മാത്രമാണ്. അതിനാൽ താത്വികമായി യാതൊരു വ്യത്യാസവും ഇന്ത്യൻ ജനാധിപത്യത്തിനും പാശ്ചാത്യൻ ജനാധിപത്യത്തിനുമിടയിൽ ഈ വീക്ഷണത്തിനു ദർശിക്കാൻ സാധ്യമല്ല. ദൈവത്തെ നിയമനിർമ്മാണാധികാരത്തിൽ നിന്നും 'പടിയടച്ചു പിണ്ഡം'വെച്ച രണ്ട് ജനാധിപത്യവും മൗദൂദിയുടെ വീക്ഷണത്തിൽ 'സത്യദീനിനെ ലോകത്തു സ്ഥാപിക്കുവാനുള്ള പരിശ്രമത്തിനെതിരെ നിലകൊള്ളുന്ന നിഷിദ്ധ ദീനുകളത്രെ'!. ഇവിടെ നാം തിരിച്ചറിയുക. 'ഇന്ത്യൻ ജനാധിപത്യത്തെയല്ല പാശ്ചാത്യൻ ജനാധിപത്യത്തെയാണ് മൗദൂദി തള്ളിപറഞ്ഞതെന്ന വാദം മൗദൂദിയോടു ചെയ്യുന്ന ഏറ്റവും വലിയ നന്ദികേടും അക്ഷന്തവ്യമായ അപരാധമാകുന്നു. അദ്ദേഹത്തിന്റെ ആശയങ്ങളോടു സ്വീകരിച്ച ഏറ്റവും വലിയ ദുർവ്യാഖ്യാനവുമാണത്. അതിനാൽ നമുക്കു തീർത്തു ചോദിക്കേണ്ടി വരുന്നു. 'അവസാനിപ്പിക്കാറായില്ലേ മൗദൂദിയെ കുറിച്ചുള്ള ഈ വ്യാജ പ്രചാരണങ്ങൾ?!!